**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.637 28.09.2011 ൽ മറുപടിക്ക്.**

**ആലപ്പുഴ ജനറൽ ഹോസ്പിറ്റൽ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. സുധാകരൻ** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| **എ)**<br>ആലപ്പുഴ ജനറൽ ആശുപത്രിയിലെ സൂപ്രണ്ടിനെമാറ്റി പുതിയ സൂപ്രണ്ടിനെ നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അമ്പലപ്പുഴ എം.എൽ.എ. കത്ത് നൽകിയിരുന്നോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു; | **എ)**<br>ലഭിച്ചിരുന്നു. |
| **ബി)**<br>ആശുപത്രി സൂപ്രണ്ട് ദിവസേന രാവിലെ 11 മണിക്ക് എത്തിചേരുന്നതും നേരത്തെ ആശുപത്രി വിട്ട് പോകുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഒ.പി. സമയത്ത് സൂപ്രണ്ട് എത്തിച്ചേരാതിരിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; | **ബി)**<br>ചില ദിവസങ്ങളിൽ താമസിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നും ഒ.പി സമയത്ത് സൂപ്രണ്ട് എത്തിച്ചേരാതിരിക്കുന്നതിന് അനുവാദം നൽകിയിട്ടില്ല എന്നും ആരോഗ്യ വകുപ്പു ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| **സി)**<br>ആലപ്പുഴ ജനറൽ ഹോസ്പിറ്റൽ പ്രവർത്തനത്തിന് യാതൊരു ഏകോപനവുമില്ല എന്ന ആക്ഷേപം പരിഹരിക്കുമോ; സത്വര ഭരണപരിഷ്കാരങ്ങൾ ആലപ്പുഴ ജനറൽ ഹോസ്പിറ്റലിൽ നടപ്പാക്കുമോ? | **സി)**<br>ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആലപ്പുഴ ജനറൽ ഹോസ്പിറ്റൽ സന്ദർശിച്ചപ്പോൾ കണ്ട അപാകതകൾ പരിഹരിക്കുന്നതിനായി ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസർക്ക് ആരോഗ്യ വകുപ്പു ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**